**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3831** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 124 ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 04.06.2018 തീയതിയിലെ ജി.ഒ.(എം.എസ്) നം. 23/2018/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പുനലൂർ ഡിവിഷന് കീഴിൽ പുന്നല, ഏഴംകുളം, തെന്മല ഡിവിഷനു കീഴിൽ കടമാൻപാറ, അച്ചൻകോവിൽ ഡിവിഷനു കീഴിൽ കുംഭാവുരുട്ടി, കോഴിക്കോട് ഡിവിഷനു കീഴിൽ കക്കയം, പെരുവണ്ണാമൂഴി, വയനാട് (സൗത്ത്) ഡിവിഷനു കീഴിൽ പുൽപ്പള്ളി, വൈത്തിരി, മുണ്ടക്കയ്, ആറളം വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ നരിക്കടവ് എന്നിവിടങ്ങളിലായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിരുന്നു. |
| (സി) | പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | 15 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പാസ്ഥാനത്തു നിന്നും സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനം നേരിട്ട രണ്ട് പ്രളയങ്ങൾ, നിലവിൽ അഭിമുഖീകരിക്കുന്ന കോവിഡ് 19 മഹാമാരി എന്നിവ കാരണം സർക്കാർ നേരിടുന്ന നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം ശുപാർശ തത്കാലം മാറ്റി വെച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ